# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1309    21.03.2013 - ൽ മറുപടിക്ക്

## കരമന - കളിയിക്കാവിള ദേശീയപാതയുടെ വീതി കൂട്ടുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ജമീലാ പ്രകാശം :<br>ശ്രീ. മാത്യു.റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി. കെ. നാണു : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കരമന - കളിയിക്കാവിള ദേശീയ പാതയുടെ വീതി കൂട്ടുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലും നേരിട്ടു കൊണ്ടിരിക്കുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (ബി) ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനായി ശ്രീ. ബാലകിരൺ ഐ. എ. എസിനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ ബഹു. പൊതു മരാമത്ത് മന്ത്രി ചെയർമാനും, ബഹു. ആരോഗ്യവും ദേവസ്വവും വകുപ്പു മന്ത്രി വൈസ് ചെയർമാനുമായി ഒരു ഉന്നതതല നിരീക്ഷണ സമിതിയും രൂപീകരിച്ചിട്ടുണ്ട്. ഉന്നതതല നിരീക്ഷണ |

സമിതിയും സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിലുള്ള നിർവ്വഹണ സമിതിയും നടപടികളുടെ പുരോഗതി വിലയിരുത്തുന്നതാണ്. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനു വേണ്ടി ആദ്യഘട്ടത്തിലെ 12 കി.മീ. റോഡ്, കരമന - പ്രാവച്ചമ്പലം, പ്രാവച്ചമ്പലം - വഴിമുക്ക് എന്നീ രണ്ടു ഭാഗങ്ങളായി തിരിച്ച്, ഓരോന്നിനും ഓരോ ടീമിനെ ഏൽപ്പിച്ച് സർവേ നടത്തി വരുന്നു. ഇതിൽ കരമന - പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ സർവേ പൂർത്തിയായിക്കഴിഞ്ഞു.

സെക്ഷൻ ഓഫീസർ .